I ഇ.ബി. XIV - കേരള നിയമസഭ/II-3

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 സെപ്റ്റംബർ 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ ക്ഷണിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ

അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

## I പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : കേരള നിയമസഭയുടെ ചരിത്രത്തിൽ നിരവധി സന്ദർഭങ്ങളിൽ ചോദ്യോത്തര വേളയിൽ പ്രതിപക്ഷനേതാക്കന്മാർ സംസാരിച്ചിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിൽ ആറ് തവണ അന്നത്തെ പ്രതിപക്ഷനേതാവിന് പ്രസംഗിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അവസരം കൊടുത്തിട്ടുണ്ട്. ഇന്ന് ചോദ്യോത്തരവേളയിൽ പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകാതിരുന്ന നടപടി ദൗർഭാഗ്യകരമാണ്. ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും താല്പര്യങ്ങൾ പരിഗണിക്കേണ്ട സഭാനേതാവായ മുഖ്യമന്ത്രി, പറയാൻ പാടില്ലാത്ത കാര്യങ്ങളാണ് ഇന്നലെ സഭയിൽ പറഞ്ഞത്. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ കൊള്ളയുമായി ബന്ധപ്പെട്ട ജനകീയ പ്രശ്നത്തിന്റെ പേരിൽ സമരം ചെയ്ത വിദ്യാർത്ഥികളെ പോലീസ് ക്രൂരമായി മർദ്ദിക്കുകയും ലാത്തിച്ചാർജ് നടത്തുകയും കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ സമരപ്പന്തൽ സന്ദർശിച്ച വേളയിൽ ഗ്രനേഡും കണ്ണീർ വാതക ഷെല്ലും പ്രയോഗിക്കുകയും ചെയ്ത് സമരത്തെ അടിച്ചമർത്താനാണ് ശ്രമിച്ചത്.

കേരളമൊട്ടാകെ നടത്തുന്ന പോലീസ് നരനായാട്ടിനെതിരെ ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ട് പോകും. സർവ്വശ്രീ ഹൈബി ഈഡൻ, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ നിരാഹാരസമരം നടത്തുന്നതും സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കെ. എം. ഷാജി എന്നീ അംഗങ്ങൾ അനുഭാവം പ്രകടിപ്പിച്ച് സത്യഗ്രഹം നടത്തുന്നതുമാണ്. വിദ്യാർത്ഥി സമരത്തെ അടിച്ചമർത്തുന്ന സർക്കാർ നയം തിരുത്തണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം നൽകാതെ സ്വാശ്രയ മാനേജ്മെന്റ് ഫീസ് വർദ്ധിപ്പിച്ചതിന് അനുകൂല നിലപാട് സ്വീകരിക്കുന്ന സർക്കാരിന്റെ തെറ്റായ നടപടി അവസാനിപ്പിക്കണം. ഇന്നത്തെ സഭാനടപടികളുമായി യോജിച്ച് മുന്നോട്ട് പോകാൻ സാധ്യമല്ല.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു).

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ബഹുമാനപ്പെട്ട സ്പീക്കർ അടിയന്തര പ്രമേയാവതരണത്തിനായി

ക്ഷണിച്ചെങ്കിലും അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് ബഹളം തുടർന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## II മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## III ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ
(244,49,92,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം
(244,24,81,000 രൂപ)

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥന ചർച്ച റദ്ദ് ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാവിലെ 09.50-ന് പിരിഞ്ഞു.)